"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 18.12.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം - ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ ലഭിച്ചതിൽ ചെലവഴിക്കപ്പെടാതെയുള്ള തുക പി.എം.എ.വൈ. വീട്ടുകൾക്ക് അധിക ധനസഹായത്തിനും വീട്ടുകളുടെ പുനരുദ്ധാരണത്തിനും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നതിനും ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.42/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/01/2022

---

പരാമർശം:- 1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.09.2021-ലെ കത്ത്

2. 18.12.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.10-ാം നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ ലഭിച്ച തുകയിൽ ചെലവഴിക്കപ്പെടാതെ 1,06,28,855/- രൂപ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ Spl.TSB അക്കൗണ്ടിൽ ഉണ്ട്. ഇതിൽ നിന്നും 41,44,000/- രൂപ പി.എം.എ.വൈ. വീട്ടുകൾക്ക് അധിക ധനസഹായം നൽകാനും ശേഷിക്കുന്ന തുകയിൽ 48,84,855/- രൂപ വീട്ടുകളുടെ പുനരുദ്ധാരണത്തിനും 16,00,000/- രൂപ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നതിനും അനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ, 18.12.2021-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് ഐ.എ.വൈ. ഭവനനിർമ്മാണ പദ്ധതിയിൽ ലഭിച്ച തുകയിൽ ചെലവഴിക്കപ്പെടാതെയുള്ള 1,06,28,855/- രൂപയിൽ നിന്നും 41,44,000/- രൂപ പി.എം.എ.വൈ. വീട്ടുകൾക്ക് അധിക ധനസഹായം നൽകാനും ശേഷിക്കുന്ന തുകയിൽ 48,84,855/- രൂപ വീട്ടുകളുടെ പുനരുദ്ധാരണത്തിനും 16,00,000/- രൂപ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ആളുകൾക്ക് അവരുടെ വീടിനോട് ചേർന്ന് പ്രത്യേക മുറി നിർമ്മിച്ചു നൽകുന്നതിനും ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രസിഡന്റ്/ സെക്രട്ടറി, ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ), തിരുവനന്തപുരം

വെബ് & ന്യൂമീഡിയ (ഐ& പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.വ (ഡി.എ.) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 07-01-2022 15:28:43
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി